8. നാഷണൽ ഹൈവേ - 5.30 കോടി രൂപ

(ബി) ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകയിൽനിന്നും കുടിശ്ശിക കൊടുത്തു തീർത്തുകൊണ്ടിരിക്കുകയാണ്.

വിധവ വാർദ്ധക്യകാല പെൻഷൻ കുടിശ്ശിക

12 (966)ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിധവാ, വാർദ്ധക്യകാല പെൻഷൻ എന്നീ ഇനത്തിൽ എത്ര മാസത്തെ കുടിശ്ശിക നൽകുവാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കുടിശ്ശിക കൊടുത്തു തീർക്കാൻ നടപടി സ്വീകരിക്കുമോ;

ഉത്തരം

(എ) വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ തുടങ്ങിയവയുടെ കുടിശ്ശിക സംബന്ധിച്ച് 31.5.2000 ലെ സ്ഥിതി വിവരം ജില്ലാടിസ്ഥാനത്തിൽ ഇപ്രകാരമാണ്.

ജില്ല	വിധവാ പെൻഷൻ	വാർദ്ധക്യകാല പെൻഷൻ
തിരുവനന്തപുരം	7 മാസം	10 മാസം
കൊല്ലം	9 മാസം	9 മാസം
പത്തനതിട്ട	8 മാസം	10 മാസം
ആലപ്പുഴ	9 മാസം	10 മാസം
കോട്ടയം	5 മാസം	2 മാസം
ഇടുക്കി	10 മാസം	11 മാസം
എറണാകുളം	6 മാസം	7 മാസം
തൃശ്ശൂർ	8 മാസം	14 മാസം
പാലക്കാട്	8 മാസം	1 മാസം
മലപ്പുറം	9 മാസം	9 മാസം
കോഴിക്കോട്	11 മാസം	11 മാസം
വയനാട്	6 മാസം	9 മാസം
കണ്ണൂർ	9 മാസം	9 മാസം
കാസർകോട്	8 മാസം	8 മാസം

(ബി) പ്രസ്തുത കുടിശ്ശിക കൊടുത്തു തീർക്കുന്നതിനാവശ്യമായ ഫണ്ട് ഈ വർഷത്തെ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. 2000-2001-ലെ പൂർണ്ണ ബഡ്ജറ്റ് പാസ്സാക്കുന്ന മുറക്ക് കുടിശ്ശിക കൊടുത്തു തീർക്കുന്നതിനുള്ള ഫണ്ട് വിതരണം ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly